Published on 24-02-18

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 118

# 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 118

# 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

282/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുള്ള

ഒരു

## ബിൽ

പീഠിക.—കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.—(1) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലോ (1975-ലെ 5) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ ചട്ടങ്ങളിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ

തീയതിക്കു മുൻപ് ഔദ്യോഗിക കാലാവധി അവസാനിച്ച കോഴിക്കോട് സർവ്വകലാശാലാ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും സംഗതിയിൽ പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾ (2)-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു നികായം ആറു മാസക്കാലത്തേക്കോ അല്ലെങ്കിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ, അതിൽ ഏതാണോ ആദ്യം, അതുവരെ നിർവ്വഹിക്കേണ്ടതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:—

1. സിൻഡിക്കേറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ.

2. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ:

(i) സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ;

(ii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജിലെ ഒരു അദ്ധ്യാപകൻ;

(iii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും എയ്ഡഡ് കോളേജുകളിൽ നിന്നും ഓരോ പ്രിൻസിപ്പാൾ വീതം;

(iv) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജുകളിൽ നിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ;

(v) സർവ്വകലാശാലയിലുള്ളതോ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിൽ നിന്നും ഉള്ളതോ ആയ ഒരു വിദ്യാർത്ഥി;

(vi) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെടുന്ന ആളും ആയിരിക്കേണ്ടതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1975-ലെ കോഴിക്കോട് സർവ്വകലാശാലാ ആക്റ്റിലെ 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ നാല് വർഷം കൂടുമ്പോൾ സർവ്വകലാശാലയുടെ സെനറ്റ് പുനഃസംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ആക്റ്റിലെ 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിനുള്ള ക്ലിപ്തനിബന്ധന പ്രകാരം സിൻഡിക്കേറ്റിന്റെ കാലാവധി സെനറ്റിന്റെ കാലാവധിയോടൊപ്പം അവസാനിക്കുന്നതാണ്.

2. സർവ്വകലാശാലയുടെ സെനറ്റ് 2013 സെപ്റ്റംബർ 30-ാം തീയതി പുനഃസംഘടിപ്പിച്ചിരുന്നു. അതനുസരിച്ച് 2017 സെപ്റ്റംബർ 29-ാം തീയതി കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിച്ചു. 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ പ്രസ്താവിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ, ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെ സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു താൽക്കാലിക ബദൽ ക്രമീകരണം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് 2017 നവംബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 നവംബർ 21-ാം തീയതിയിലെ 2563-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 24-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 99 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ്, 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 15-ാം നമ്പർ ഓർഡിനൻസായി 2018 ഫെബ്രുവരി 12-ാം തീയതിയിലെ 339-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി രൂപീകരിക്കപ്പെടുന്ന താൽക്കാലിക നികായത്തിന്റെ യോഗങ്ങൾ നടത്തുന്നതിനായി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. അപ്രകാരം, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം സിൻഡിക്കേറ്റ് യോഗങ്ങൾക്ക് 16,00,416 (പതിനാറ് ലക്ഷത്തി നാനൂറ്റി പതിനാറ്) രൂപയും സെനറ്റ് യോഗങ്ങൾക്ക് 2,66,736 (രണ്ട് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുനൂറ്റി മുപ്പത്തിയാറ്) രൂപയും ഉൾപ്പെടെ ഏകദേശം 18,67,152 (പതിനെട്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി ഒരുനൂറ്റി അൻപത്തി രണ്ട്) രൂപയുടെ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. ബില്ലിലെ 2-ാം ഖണ്ഡപ്രകാരമുള്ള കാലയളവിലേക്ക് ഇതിന് ആനുപാതികമായ ചെലവ് വരുന്നതാണ്.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ ആറ് മാസക്കാലത്തേക്കോ, അതിൽ ഏതാണോ ആദ്യം അതുവരെ, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 2-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏത് കാര്യം സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത്, അത് നടപടിക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. മാത്രമല്ല, വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം അത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്